# ശിക്ഷാഷ്ടകം

'ശിക്ഷാഷ്ടകം' എന്ന പേരിൽ അറിയപ്പെടുന്ന എട്ട് പദ്യങ്ങൾ ചൈതന്യ മഹാപ്രഭുവിന്റെ ദൗത്യവും, ഉപദേശങ്ങളും വ്യക്തമായി വെളിപ്പെടുത്തുന്നു. പരമോന്നത മൂല്യമുള്ള ഈ പ്രാർത്ഥനാശ്ലോകങ്ങൾ ഇവിടെ പരിഭാഷപ്പെടുത്തി അവതരിപ്പിക്കുന്നു .

(1) ചേതോദർപ്പണമാർജ്ജനം ഭവമഹാദാവാഗ്നി നിർവാപണം
ശ്രേയഃ കൈരവചന്ദ്രികാവിതരണം വിദ്യാവധൂ ജീവനം
ആനന്ദാംബുധിവർധനം പ്രതിപദം പൂർണാമൃതാസ്വാദനം
സർവ്വാത്മ സ്നപനം പരം വിജയതേ ശ്രീകൃഷ്ണസങ്കീർത്തനം

വർഷങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള പൊടിപടലങ്ങൾ മാറ്റി ഹൃദയത്തെ ശുദ്ധീകരിക്കുന്നതും, ജനന മരണ വൃത്തിയുടെ അഗ്നിയെ ശമിപ്പിക്കുന്നതുമായ ശ്രീകൃഷ്ണ സങ്കീർത്തനം വാഴ്ത്തപ്പെടട്ടെ! ഈ സങ്കീർത്തന പ്രസ്ഥാനം മനുഷ്യവർഗ്ഗത്തിനൊട്ടാകെയുള്ള പരമപ്രധാനമായ അനുഗ്രഹമാകുന്നു. എന്തുകൊണ്ടെന്നാൽ, അത് അനുഗ്രഹ ചന്ദ്രന്റെ കിരണങ്ങൾ വിതറുന്നതാണ്. അത് ആദ്ധ്യാത്മിക ജ്ഞാനത്തിന്റെ കിരണങ്ങൾ വിതറുന്നതാണ്. അത് എല്ലാ ആദ്ധ്യാത്മിക ജ്ഞാനത്തിന്റേയും ജീവനാകുന്നു. അത്, നാം ഏതൊന്നിനുവേണ്ടി സദാ ഉത്സുകരായിരിക്കുന്നുവോ, ആ ദിവ്യാമൃതം മതിയാവോളം നുകരാൻ നമ്മെ പ്രാപ്തരാക്കുന്നു
.

( 2 ) നാമ്നാമകാരി ബഹുധാ നിജസർവ്വശക്തിസ്
തത്രാർപിതാ നിയമിതഃ സ്മരണേ ന കാലഃ
ഏതാദൃശീ തവ കൃപാ ഭഗവൻ മമാപി
ദുർദൈവമീദൃശ മിഹാജനി നാനുരാഗഃ

എന്റെ ഭഗവാനേ! അങ്ങയുടെ പരിശുദ്ധ നാമത്തിനു മാത്രമേ ജീവജാലങ്ങൾക്ക് സർവ്വാനുഗ്രഹവും അരുളാൻ കെൽപ്പുള്ളൂ. അങ്ങനെ അങ്ങേക്ക് 'കൃഷ്ണൻ', 'ഗോവിന്ദൻ' എന്നിവ പോലെയുള്ള നൂറു കണക്കും, ലക്ഷകണക്കുമായ നാമങ്ങളുണ്ട്. ഈ ആദ്ധ്യാത്മിക നാമങ്ങളിൽ അങ്ങ് അങ്ങയുടെ ആദ്ധ്യാത്മിക ശക്തികളാകെ നിക്ഷേപിച്ചിരിക്കുന്നു. ഈ നാമങ്ങൾ ആലപിക്കുന്നതിന് നിഷ്കൃഷ്ടങ്ങളായ നിയമങ്ങൾ ഒന്നുംതന്നെയില്ല. അല്ലയോ ഭഗവാനേ! അങ്ങയുടെ കാരുണ്യത്താൽ അങ്ങയുടെ പരിശുദ്ധനാമങ്ങളിലൂടെ ആയാസമന്യേ അങ്ങയുടെ അടുത്തെത്തുവാൻ അങ്ങ് ഞങ്ങളെ പ്രാപ്തരാക്കുന്നു. എന്നിട്ടും അവയോട് അഭിനിവേശം തോന്നാത്തവിധം ഞാൻ തീരെ ഭാഗ്യം കെട്ടവനാണ് .

( 3 ) തൃണാദപി സുനീചേന
തരോരപി സഹിഷ്ണുനാ
അമാനിനാ മാനദേന
കീർത്തനീയഃ സദാ ഹരിഃ

ഒരുവൻ എളിമ നിറഞ്ഞ മാനസികാവസ്ഥയോടെ, തൃണത്തേക്കാൾ എളിയവനാണ് താനെന്ന ചിന്തയോടെ ഭഗവാന്റെ പരിശുദ്ധ നാമം ഉച്ചരിക്കണം. അയാൾ മിഥ്യാബോധം ഒട്ടു മില്ലാതെ, ഒരു മരത്തെക്കാളും സഹിഷ്ണുതയുള്ളവനായിരിക്കണം. അന്യർക്ക് എല്ലാ ബഹുമാനവും നൽകുവാൻ സന്നദ്ധനായിരിക്കുകയും വേണം. അത്തരം മാനസികാവസ്ഥയിൽ ഒരുവന് ഭഗവാന്റെ പരിശുദ്ധ നാമം നിരന്തരമായി ഉരുവിടാൻ കഴിയും.

(4) ന ധനം ന ജനം ന സുന്ദരീം
കവിതാം വാ ജഗദീശ കാമയേ
മമ ജന്മനി ജന്മനീശ്വരേ
ഭവതാദ് ഭക്തിർ അഹൈതുകീ ത്വയി

അല്ലയോ സർവ്വശക്തനായ ദൈവമേ! എനിക്ക് സമ്പത്താർജ്ജിക്കുവാൻ ആശയില്ല. എനിക്ക് സുന്ദരികളായ തരുണികളിലും മോഹമില്ല. എനിക്ക് എത്രയെങ്കിലും അനുയായികളും ആവശ്യമില്ല. ജന്മങ്ങൾതോറും അങ്ങയുടെ ഭക്തിപൂർവ്വക പരിചര്യ മാത്രമേ എനിക്കു വേണ്ടു.

(5) അയി നന്ദതനുജ കിങ്കരം
പതിതം മാം വിഷമേ ഭവാംബുധൗ
കൃപയാ തവ പാദപങ്കജ
സ്ഥിതധൂളീസദൃശം വിചിന്തയ

അല്ലയാ നന്ദമഹാരാജസൂനോ! ഞാൻ അങ്ങയുടെ, നിത്യദാസനാണ്. എന്നിട്ടും എന്തുകൊണ്ടോ , ഞാൻ ജനന മരണങ്ങളാകുന്ന സാഗരത്തിൽ പതിച്ചിരിക്കുന്നു. ദയവുണ്ടായി എന്നെ ഈ സംസാരസാഗരത്തിൽ നിന്ന് കരകയറ്റി, അങ്ങയുടെ പാദാരവിന്ദങ്ങളിലെ പരമാണുക്കളിലൊന്നായി വയ്ക്കേണമേ!

( 6 )  നയനം ഗളദശ്രുധാരയാ വദനം ഗദ്ഗദരുദ്ധയാ ഗിരാ
പുളകൈർനിചിതം വപുഃ കദാ തവ നാമഗ്രഹണേ ഭവിഷ്യതി?

എന്റെ ഭഗവാനേ! എന്നാണ് അങ്ങയുടെ പരിശുദ്ധ നാമങ്ങൾ പാടവേ എന്റെ കണ്ണുകൾ നിരന്തരം പ്രവഹിക്കുന്ന പ്രേമാശ്രുക്കളാൽ അലങ്കൃതമായിത്തീരുന്നത്? എന്നാണ് അങ്ങയുടെ നാമസങ്കീർത്തനത്തിൽ എന്റെ തൊണ്ടയിടറുകയും, എന്റെ ശരീരം രോമാഞ്ചമണിയുകയും ചെയ്യുന്നത്?

( 7 )യുഗായിതം നിമേഷേണ ചക്ഷുഷാ പ്രാവൃഷായിതം
ശൂന്യായിതം ജഗത്സർവ്വം ഗോവിന്ദ വിരഹേണ മേ

അല്ലയോ ഗോവിന്ദ! അങ്ങയുടെ വേർപാടനുഭവിക്കവേ, ഒരു നിമിഷം ഒരു യുഗമോ, അതിലധികമോ ആയി എനിക്കു തോന്നുന്നു, എന്റെ നേത്രങ്ങളിൽനിന്ന് പെരുമഴപോലെ കണ്ണുനീർ പ്രവഹിക്കുന്നു. അങ്ങയുടെ സാന്നിധ്യമില്ലാത്ത ലോകത്തിൽ എല്ലാം ശൂന്യമായി എനിക്കനുഭവപ്പെടുന്നു
.
( 8 ) ആശ്ലിഷ്യ വാ പാദരതാം പിനഷ്ടു മാം
അദർശനാന്മർമഹതാം കരോതു വാ
യഥാ തഥാ വാ വിദധാതു ലമ്പടോ
മത് പ്രാണനാഥാസ്തു സ ഏവ നാപരഃ

കൃഷ്ണനെ അല്ലാതെ ആരേയും എന്റെ പ്രഭുവായി ഞാൻ അറിയുന്നില്ല. അദ്ദേഹം എന്നെ തന്റെ ആശ്ലേഷത്താൽ പരുഷമായി വേദനിപ്പിക്കുകയോ, എന്റെ മുമ്പിൽ സന്നിഹിതനാകാതെ എന്നെ ഭഗ്നഹൃദയനാക്കുകയോ ചെയ്താലും, എനിക്കദ്ദേഹം അപ്രകാരംതന്നെയായിരിക്കുകയും ചെയ്യും. അദ്ദേഹത്തിന് എന്തും ഏതും ചെയ്യുവാൻ പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. എന്തെന്നാൽ, അദ്ദേഹം എന്നെന്നും നിരുപാധികമായി എന്റെ സമാരാധ്യനായ പ്രഭുവായിരിക്കും.